# മൗനരമയും മൃതഭൂമിയും വായിക്കുന്നവരോട്...

ഒരു പുഴയിലെ മുഴുവൻ വെള്ളവും നാലഞ്ചു പഞ്ചായത്തുകൾ ഉൾപ്പെടെ ഒരു പ്രദേശത്തെ മണ്ണും വായുവും മലിനമാക്കി; ആ പ്രദേശത്തു മുഴുവൻ ഭീകരരോഗങ്ങൾ വിതച്ചു മുന്നേറുന്ന ഒരു ഫാക്ടറി - മാവൂരിലെ ഗ്രാസിം ഇൻസ്ട്രീസ്. മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തെ തന്നെ കണ്ടില്ലെന്ന് നടിച്ച് പ്രവർത്തിക്കുന്ന ഈ ഫാക്ടറി അടച്ചുപൂട്ടിയേ തീരൂ എന്നാവശ്യപ്പെട്ടുകൊണ്ട് ഇക്കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ ഫാക്ടറി ഗേറ്റിൽ ജനകീയ പ്രക്ഷോഭകരുടെ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു.

മാവൂർ ഫാക്ടറിയുടെ വിഷപ്പുക ഏറ്റവുമധികം ശ്വസിക്കേണ്ടിവരുന്ന വാഴക്കാട് പഞ്ചായത്ത് ഇന്ത്യയിലേറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ള പഞ്ചായത്തായി മാറിയതും മലിനീകരണം നിയന്ത്രിക്കാൻ മലനീകരണ നിയന്ത്രണ ബോർഡും കോടതിയും നൽകിയ നിർദേശങ്ങളൊന്നും വകവയ്ക്കാതെ ഗ്രാസിം ഫാക്ടറി ഇപ്പോഴും പ്രവർത്തിക്കുന്നതും വിശദമാക്കിക്കൊണ്ട് മാവൂർ സമരനേതാവായിരുന്ന റഹ്മാൻ എഴുതിയ കത്ത് കഴിഞ്ഞ ലക്കം കേരളീയത്തിൽ പ്രധാന ലേഖനമായി കൊടുത്തിരുന്നു.

ഗ്രാസിം മലിനീകരണത്തിന്റെ ഇരയായിരുന്ന റഹ്മാൻ സമരം പ്രഖ്യാപിച്ച് അതാരംഭിക്കുന്നതിനുമുമ്പേ ജനുവരി 11-ന് അന്തരിച്ചു. ഗ്രാസിം നല്കിയ ക്യാൻസറായിരുന്നു റഹ്മാനെയും അവസാനിപ്പിച്ചത്.

കേരളീയത്തിൽ പ്രസിദ്ധീകരിച്ച റഹ്മാന്റെ കത്ത്, റഹ്മാൻ എല്ലാ പത്രങ്ങൾക്കും പ്രസിദ്ധീകരണത്തിനായി അയച്ചിരുന്നു. അതുകഴിഞ്ഞ് 11-ാംനു റഹ്മാൻ മരിച്ചു (കൊല്ലപ്പെട്ടു!) 13ാംനു മാവൂരിൽ ഇനി നടത്തേണ്ട സമരപരിപാടികളെക്കുറിച്ചാലോചിക്കാൻ കോഴിക്കോട് സംസ്ഥാന കൺവെൻഷൻ നടന്നു. ജനുവരി 26-ന് ഗ്രാസിമിനെതിരെയുള്ള അന്തിമസമരം തുടങ്ങാനുള്ള തീരുമാനമുണ്ടായി. 20ാംനു ഈ ഫാക്ടറിയിൽനിന്നും പുറത്തുവന്ന വിഷവാതകം ശ്വസിച്ച് കുട്ടികളും സ്ത്രീകളും ഉൾപ്പെടെ 10 പേർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. സമരത്തിനു പിന്തുണ പ്രഖ്യാപിക്കാനായി അരുന്ധതി റോയ് കോഴിക്കോട്ടെത്തി. ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളും സുഗതകുമാരി

ശേഷം പേജ് 5ൽ

# മൗനരമയും മൃതഭൂമിയും

# വായിക്കുന്നവരോട്...

1-ാം പേജ് തുടർച്ച

യെപ്പോലുള്ള സാമൂഹ്യ പ്രവർത്തകരും കവികളും കലാകാരന്മാരുമെല്ലാം സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. ഗ്രാസിം ഉണ്ടാക്കുന്ന മാരകരോഗങ്ങളെക്കുറിച്ചുള്ള ചില പഠനങ്ങളും പുറത്തുവന്നു. 26ാംനു സമരം ആരംഭിക്കുകയും ചെയ്തു.

ഒരു ലക്ഷത്തിലേറെ വരുന്ന മനുഷ്യരുടെ ജീവനെ പന്താടുന്ന ഈ കൊലയാളി ഫാക്ടറിയുടെ നിലനില്പ് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളമൊട്ടാകെയുള്ള മനുഷ്യസ്നേഹികൾ കഴിഞ്ഞ ഒരുമാസമായി പ്രചാരണത്തിലും പ്രവർത്തനത്തിലുമാണ്. പക്ഷേ, ഏതു രീതിയിൽ നോക്കിയാലും കേരളീയന് പ്രധാനപ്പെട്ട ഈ വാർത്തയും വർത്തമാനങ്ങളും മനപ്പൂർവം മൂടിവയ്ക്കുകയായിരുന്നു മലയാളത്തിലെ കുത്തകപത്രങ്ങൾ.

റഹ്മാന്റെ മരണം അറിഞ്ഞശേഷം അതെന്തേ പത്രത്തിൽ വന്നില്ല എന്ന് കുത്തകപത്രങ്ങളുടെ ഓഫീസുകളിലേക്ക് വിളിച്ചുചോദിച്ചപ്പോൾ 'അതങ്ങ് മാവൂരല്ലേ?' കോഴിക്കോട് എഡീഷനിൽ വരും എന്നായിരുന്നു മറുപടി. മോണിക്കയുടെ അടിവസ്ത്രത്തിലെ കറയെക്കുറിച്ച് ഒന്നാംപുറം മുതൽ അവസാനപുറംവരെ വാരിവലിച്ചെഴുതുമ്പോൾ 'അതങ്ങ് അമേരിക്കയിലല്ലേ?' എന്ന് തോന്നാത്തവർക്ക്, ബിർളാ ഫാക്ടറിക്കെതിരായുള്ള വാർത്തകൾ അശ്ലീലമായതെങ്ങനെ? ബിർളയുടെ വിവിധ സ്ഥാപനങ്ങളിൽനിന്നു കിട്ടുന്ന പരസ്യത്തുകയെക്കുറിച്ചോർത്തപ്പോൾ 40 ലക്ഷം വായനക്കാരെ വഞ്ചിച്ചുകൊണ്ട് 'മൗനരമ'യാകാനും സ്വതന്ത്ര പത്രപ്രവർത്തനത്തിന്റെ പാരമ്പര്യം വ്യഭിചരിച്ച് 'മൃതഭൂമി'യാകാനും ഒരു ബുദ്ധിമുട്ടും തോന്നിയില്ല അവറ്റക്ക്.

ഹിന്ദുവിലും ഇന്ത്യൻ എക്സ്പ്രസിലും കേരളകൗമുദിയിലും മാധ്യമത്തിലും വരുന്ന വാർത്തകൾ കുത്തകപത്രങ്ങൾ ചവറ്റുകുട്ടയിലെറിഞ്ഞുകളഞ്ഞു. കാരണം ഒന്നുമാത്രം – ബിർളയുടെ പണം. അപ്പോൾ, പക്ഷേ, വായനക്കാരന്റെ പണത്തിനു വിലയില്ലേ? ദിവസം 10 ലക്ഷം കോപ്പികൾ അടിക്കുന്ന ഒരു പത്രം 100 കോടിയോളം രൂപയാണ് വായനക്കാരിൽനിന്നും പിരിച്ചെടുക്കുന്നത്. അങ്ങിനെ നോക്കുമ്പോൾ ബിർളയെക്കാൾ വായനക്കാരന്റെ താല്പര്യമാണ് പത്രം നോക്കേണ്ടത്. എന്നിട്ടും ഈ പത്രങ്ങൾ എന്തുകൊണ്ട് ധൈര്യപ്പെട്ടു ഇത്രയേറെ വർത്തമാനങ്ങൾ വായനക്കാരെ അറിയിക്കാതെ ഒളിപ്പിക്കാൻ?

ഉത്തരം ഒന്നേയുള്ളു: തങ്ങളെന്തു വിളമ്പിയാലും– അത് ഛർദ്ദിയായാലും അമേദ്യമായാലും വലിച്ചുവാരി കഴിക്കുന്ന; സ്വന്തമായൊന്നും ആവശ്യപ്പെടാത്ത; ഒരു ആണുംപെണ്ണുംകെട്ട കൂട്ടമാണ് തങ്ങളുടെ വായനക്കാരെന്ന് അവർ മനസിലാക്കിയിരിക്കുന്നു. ആ കോന്തന്മാർക്കുവേണ്ടി അവരെന്തിന് ബിർളാദൈവത്തിനെ മുഷിപ്പിക്കണം? 'മൗനം വിദ്വാനു ഭൂഷണം' എന്നു കരുതുന്ന ഒരു സമൂഹത്തിൽ വിദ്വാനാവുന്നതിൽ എന്തുതെറ്റ്?

കേരളത്തിൽ ആണത്തമുള്ള ആണുങ്ങളും പെണ്ണത്തമുള്ള പെണ്ണുങ്ങളും ഉണ്ടാകുംവരെ 'മൗനരമ'യ്ക്കും 'മൃതഭൂമി'ക്കും ഇനിയും പ്രചാരം കൂടിക്കൊണ്ടേയിരിക്കും.

(കോഴിക്കോട് എഡിഷനിൽ അവരത് കൊടുത്തല്ലോ എന്ന് ആരും കമ്പിയടിക്കാതിരിക്കുക. മോണിക്കാ ലെവിൻസ്കിയുടെ അടിവസ്ത്രം അമേരിക്കൻ എഡിഷനിൽ മാത്രമല്ല വന്നത് എന്നോർക്കുക.)